പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3694

17.12.2015 ൽ മറുപടി നൽകേണ്ടത്

## ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ടി. എൻ. പ്രതാപൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| എ) ജില്ലാ ക്രൈം ബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;<br>ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ഉദ്ദേശ്യ-ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;<br>സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (എ) (ബി) (സി)<br>17.06.2014 ലെ GO(Ms)No.124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ കീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈം ബ്രാഞ്ച് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗ- സ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈം ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി മാർ, റേഞ്ച് ഐ.ജി. മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈം ബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈം ബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്. |

സെക്ഷൻ ഓഫീസർ